**പതിമൂന്നാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011-2014)

**ഒൻപതാമത് റിപ്പോർട്ട്**

(2012 ഡിസംബർ 20-ാം തീയതി സമർപ്പിച്ചത്)

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൻ കീഴിൽ
(2009-ലെ 10-ാം ആക്റ്റ്) പുറപ്പെടുവിച്ച എസ്. ആർ. ഒ.കൾ
(193/2009, 194/2009, 195/2009, 527/2011, 34/2012)
സംബന്ധിച്ച റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

**ഒൻപതാമത് റിപ്പോർട്ട്**

(2012 ഡിസംബർ 20-ാം തീയതി സമർപ്പിച്ചത്)

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൻ കീഴിൽ
(2009-ലെ 10-ാം ആക്റ്റ്) പുറപ്പെടുവിച്ച എസ്. ആർ. ഒ.കൾ
(193/2009, 194/2009, 195/2009, 527/2011, 34/2012)
സംബന്ധിച്ച റിപ്പോർട്ട്

18/2013.

# ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011–2014)

## ഘടന

<u>ചെയർമാൻ</u> :

ശ്രീ. എം. ഉമ്മർ.

<u>അംഗങ്ങൾ</u> :

ശ്രീ. വി. ചെന്താമരാക്ഷൻ

,, ചിറ്റയം ഗോപകുമാർ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ്

,, എൻ. എ. നെല്ലിക്കുന്ന്

,, സാജു പോൾ

,, എ. കെ. ശശീന്ദ്രൻ

,, വി. ശിവൻകുട്ടി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി.

,, എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി മഞ്ജു വർഗീസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൻകീഴിൽ പുറപ്പെടുവിച്ച 193/2009, 194/2009, 195/2009, 527/2011, 34/2012 എന്നീ എസ്. ആർ. ഒ.കൾ സമിതി പഠനവിധേയമാക്കുകയുണ്ടായി. പ്രവാസി മലയാളികളുടെ ക്ഷേമത്തിന് പരമ പ്രാധാന്യം നല്കുന്ന നിയമം എന്ന നിലയിൽ അതിൻ കീഴിലുള്ള ചട്ടങ്ങളും (SRO No. 195/09), പദ്ധതിയും (SRO No. 194/09) ഉൾപ്പെടെയുള്ള മേൽപ്പറഞ്ഞ എസ്. ആർ. ഒ.കൾ 28-3-2012, 4-4-2012 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ വച്ച് സമിതി വിശദമായി പരിശോധിക്കുകയും അവ സംബന്ധിച്ച് നോർക്ക വകുപ്പ് സെക്രട്ടറിയിൽ നിന്നും നിയമ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു.

ഈ വിഷയത്തിൽ സമിതി നടത്തിയ പഠനത്തിന്റെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2012 ഡിസംബർ മാസം 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ഉമ്മർ,

തിരുവനന്തപുരം,
2012, ഡിസംബർ 20.

*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

# റിപ്പോർട്ട്

## 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൻ കീഴിൽ (2009-ലെ 10-ാം ആക്റ്റ്) പുറപ്പെടുവിച്ച എസ്.ആർ.ഒ.കൾ (193/2009, 194/2009, 195/2009, 527/2011, 34/2012) സംബന്ധിച്ച്

കേരളത്തിലെ ജനസംഖ്യയുടെ ഏകദേശം 10 ശതമാനത്തിലധികം പേർ, ഏകദേശം 37 ലക്ഷം മലയാളികൾ, സംസ്ഥാനത്തിന് പുറത്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായും വിവിധ വിദേശ രാജ്യങ്ങളിലായും അധിവസിച്ചു വരുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മികച്ച വിദ്യാഭ്യാസ യോഗ്യതയും ആത്മാർത്ഥതയും അർപ്പണമനോഭാവവും കൈമുതലായുള്ള മലയാളികൾക്ക് ആയതിന്റെ അടിസ്ഥാനത്തിൽ വിദേശ തൊഴിൽദാതാക്കൾ മുന്തിയ പരിഗണനയാണ് നൽകുന്നത്.

2. കേരളത്തിലെ കഴിഞ്ഞ മൂന്നു ദശകങ്ങളായുള്ള വികസന പരിപാടികൾക്ക് പ്രവാസികൾ അയയ്ക്കുന്ന വിദേശനാണ്യം അനിവാര്യഘടകമാണ്. കേരളത്തിലെ തൊഴിലില്ലായ്മയ്ക്കും സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്കും മാറ്റം വരുത്താൻ പ്രവാസികൾ വഹിക്കുന്ന പങ്ക് വിസ്മരിക്കാവുന്നതല്ല. ഒട്ടേറെ മലയാളികൾ അന്യരാജ്യങ്ങളിലും ഇന്ത്യയ്ക്കകത്ത് മറ്റു സംസ്ഥാനങ്ങളിലും ഉന്നതപദവി അലങ്കരിക്കുമ്പോഴും സാമ്പത്തികമായി ഉയർന്ന നിലയിൽ ജീവിക്കുമ്പോഴും വലിയൊരു ശതമാനം പ്രവാസികൾ ഏറെ ചൂഷണങ്ങൾക്ക് വിധേയരായും വിസ തട്ടിപ്പ് പോലുള്ള തട്ടിപ്പുകൾക്കിരയായും ജീവിക്കുന്നുണ്ട് എന്നത് തള്ളിക്കളയാൻ കഴിയാത്ത വസ്തുതയാണ്. ഇതിനുപുറമേ അന്യരാജ്യങ്ങളിൽ നിന്നുമുള്ള തൊഴിലാളികളുടെ തള്ളിക്കയറ്റവും അന്താരാഷ്ട്ര കമ്പനികൾ വ്യാപകമായതും അതിൽ വിവിധ രാജ്യങ്ങളുടെ തൊഴിലാളികളുടെ അനുപാതം വർദ്ധിച്ചതും നേരത്തെ മലയാളികൾക്ക് വിദേശരാജ്യങ്ങളിൽ ലഭിച്ചിരുന്ന ജോലികൾക്കും ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കും ഇടിവുണ്ടാക്കിയിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ ജോലി നഷ്ടപ്പെട്ട അവസ്ഥയിലും നീണ്ടകാലത്തെ പ്രവാസ ജീവിതത്തിനുശേഷം ആരോഗ്യം ക്ഷയിച്ച അവസ്ഥയിലും പ്രായാധിക്യം കാരണം ജോലി ചെയ്യാനാവാത്ത സ്ഥിതിയിലും കേരളത്തിലേക്ക് തിരിച്ചെത്തുന്ന മലയാളികളുടെ എണ്ണത്തിൽ സമീപകാലത്ത് വൻവർദ്ധനവുണ്ടായിട്ടുണ്ട്. ഇപ്രകാരം നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളെ സംരക്ഷിക്കേണ്ടതും അവരുടെ ഭാവി ജീവിതത്തിനാവശ്യമായ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതും ജനക്ഷേമം കാംക്ഷിക്കുന്ന ഏതൊരു സർക്കാരിന്റെയും പ്രധാന കടമകളിലൊന്നാണ്. അതുകൊണ്ടുകൂടി തന്നെയാണ് പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിയതിനു പുറമേ പ്രവാസി കേരളീയർക്ക് ആശ്വാസം നൽകുന്നതിനും, അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനും പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി അവരുടെ കമ്പനികളോ സഹകരണ സംഘങ്ങളോ അല്ലെങ്കിൽ മറ്റു സ്ഥാപനങ്ങളോ പ്രൊമോട്ട് ചെയ്യുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്തുകൊണ്ട് 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് പാസ്സാക്കിയത്.

4. പ്രസ്തുത ആക്റ്റിൻ കീഴിൽ 2009-2012 കാലയളവിൽ 193/2009, 194/2009, 195/2009, 527/2011, 34/2012 എന്നീ എസ്.ആർ.ഒ.കൾ പുറപ്പെടുവിച്ചിട്ടുണ്ട്. 193/2009-ാം നമ്പർ എസ്.ആർ.ഒ. മുഖേന പ്രസ്തുത ആക്റ്റിന് 2009 ഫെബ്രുവരി 24-ാം തീയതി മുതൽ പ്രാബല്യം നൽകി. 2009-ലെ 194-ാം നമ്പർ എസ്.ആർ.ഒ. മുഖേന ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് 2009-ലെ പ്രവാസി കേരളീയ രുടെ ക്ഷേമചട്ടങ്ങൾ പുറപ്പെടുവിക്കുകയും, 2009-ലെ 195-ാം നമ്പർ എസ്.ആർ.ഒ. മുഖേന പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി വിജ്ഞാപനം ചെയ്യുകയുമുണ്ടായി.

5. പ്രവാസി മലയാളികളുടെ ക്ഷേമത്തിന് പരമപ്രാധാന്യം നൽകുന്ന നിയമം എന്ന നിലയിലും ചട്ടങ്ങളുടെ കാലിക പ്രസക്തി കണക്കിലെടുത്തും നിയമത്തിലെ വ്യവസ്ഥകൾ ചട്ടങ്ങളിലൂടെ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടോയെന്നും, പ്രായോഗിക തലത്തിൽ ചട്ടങ്ങളിൽ പോരായ്മകളുണ്ടോയെന്നും, നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ചട്ടങ്ങളിലൂടെ നിറവേറ്റപ്പെടുന്നുണ്ടോയെന്നും പരിശോധിക്കേണ്ടത് അനിവാര്യ മാണെന്ന് സമിതി കരുതുകയും അതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് സമിതി വിശദമായി ചർച്ച ചെയ്യുകയുമുണ്ടായി.

6. പ്രവാസികൾക്കായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും ബൃഹത്തായ പദ്ധതിയാണ് '2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമപദ്ധതി'. പ്രവാസി കേരളീയർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി നിരവധി കാര്യങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ, മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം, ചികിത്സാ സഹായം, വിവാഹ ധനസഹായം, സ്വയം തൊഴിൽ വായ്പ എന്നിവയ്ക്കു പുറമേ ഒട്ടേറെ ആനുകൂല്യങ്ങൾ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

7. പ്രവാസി സമൂഹത്തിന് ആശ്വാസം നൽകുന്നതിനും അവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി എന്ന നിലയിൽ അതിനുള്ള പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് സമിതി വളരെ വിശദമായിത്തന്നെ പദ്ധതി പുറപ്പെടുവിച്ചുകൊണ്ടുള്ള എസ്.ആർ.ഒ. നമ്പർ 194/2009 പരിശോധിച്ചു. കൂടാതെ ചട്ടങ്ങളിലെ വ്യവസ്ഥകളുടെ പ്രായോഗികത സംബന്ധിച്ചും 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമപദ്ധതി സംബന്ധിച്ചും പ്രസ്തുത ആക്ടിൻ കീഴിൽ പുറപ്പെടുവിച്ച മറ്റ് എസ്.ആർ.ഒ.കളെ സംബന്ധിച്ചും 28-3-2012, 4-4-2012 എന്നീ തീയതികളിൽ നോർക്ക വകുപ്പ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയും ചെയ്തു. എസ്.ആർ.ഒ.കളുടെ വിശദമായ പരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതിക്ക് ബോധ്യപ്പെട്ട കാര്യങ്ങളും സമിതിയുടെ നിഗമനങ്ങളും ശുപാർശകളും ചുവടെ ചേർക്കുന്നു :

എസ്.ആർ.ഒ. നമ്പർ 195/2009, തീയതി 27-2-2009
[ജി.ഒ. (എം.എസ്.) നമ്പർ 3/2009/നോർക്ക, തീയതി 27-2-2009].

8. ആക്ടിലെ 30-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് '2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ചട്ടങ്ങൾ' ഉണ്ടാക്കിക്കൊണ്ട് പുറപ്പെടുവി ച്ചിട്ടുള്ളതാണ് എസ്.ആർ.ഒ. നമ്പർ 195/2009. പ്രസ്തുത ചട്ടങ്ങൾ 2009 ഫെബ്രുവരി 27-ന് നിലവിൽ വന്നു.

9. ആക്ടിലെ 9-ാം വകുപ്പിൽ "കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപവൽക്കരിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ചട്ടം 2(ബി)-യിൽ 'ബോർഡ്' എന്നതിനെ നിർവ്വചിച്ചിരിക്കുന്നതിലും, ചട്ടം 2(സി)-യിൽ 'ചെയർമാൻ' എന്നതിനെ നിർവ്വചിച്ചിരിക്കുന്നതിലും ബോർഡിന്റെ പേര് ആക്ടിലെ 9-ാം വകുപ്പ് പ്രകാരമുളളതല്ല. ആയതിനാൽ ചട്ടം 2(ബി), ചട്ടം 2(സി) എന്നിവയിൽ ബോർഡിന്റെ പേരിന് മുൻപായി 'കേരള' എന്ന വാക്ക് കൂടി ചേർത്ത് ഭേദഗതി വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10. ചട്ടം 6-ൽ 'ആവശ്യമെങ്കിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് ഒന്നിൽ കൂടുതൽ ജില്ലകളുടെ അധികാരപരിധി നൽകാവുന്നതാണ്' എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 2 (എഫ്)-ൽ 'മേഖലാ എക്സിക്യൂട്ടീവ് ഓഫീസർ' എന്നാൽ 6-ാം ചട്ടപ്രകാരം ഒന്നിൽ കൂടുതൽ ജില്ലകളുടെ അധികാരപരിധിയിൽ നിയമിക്കപ്പെടുന്ന 'എക്സിക്യൂട്ടീവ് ഓഫീസർ' എന്നാണ് നിർവ്വചിച്ചിട്ടുള്ളത്. ചട്ടം 6 പ്രകാരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്കാണ് ഒന്നിൽക്കൂടുതൽ ജില്ലകളുടെ അധികാരപരിധി നൽകാവുന്നത് എന്നതിനാൽ ചട്ടം 2 (എഫ്)-ലെ 'എക്സിക്യൂട്ടീവ് ഓഫീസർ' എന്നത് 'ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

11. അംശദായം അടയ്ക്കുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച ചട്ടം '3' സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. ചട്ടം 3-ന്റെ (1)-ാം ഉപഖണ്ഡത്തിൽ "നിധിയിലെ ഓരോ അംഗവും................അംശദായം.................ബോർഡ് നിശ്ചയിക്കുന്ന മറ്റേതെങ്കിലും വിധത്തിലോ അടയ്ക്കേണ്ടതാണ്" എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അംശദായ തുക അടയ്ക്കുന്നതിന് മറ്റ് രീതികളൊന്നും നിശ്ചയിക്കുന്നതിന് ബോർഡിന് അധികാരമില്ലാത്തതിനാൽ ചട്ടം 3(1)-ലെ 'ബോർഡ് നിശ്ചയിക്കുന്ന മറ്റേതെങ്കിലും വിധത്തിലോ' എന്ന ഭാഗം ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. ചട്ടം 4(1)-ലെ 'ഏതെങ്കിലും അംഗം അംശദായം അടയ്ക്കുവാൻ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട/മേഖലാ/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ..........നോട്ടീസും നൽകേണ്ടതാണ്' എന്നതിലെ 'ബന്ധപ്പെട്ട' എന്ന വാക്കിനുശേഷമുള്ള '/' ചിഹ്നം ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. ആക്ടിലെ 16(1) വകുപ്പ് പ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായ ഓരോ ആളിനും പറയാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനുശേഷം ആക്ടിലെയോ പദ്ധതിയിലെയോ വ്യവസ്ഥകൾ പ്രകാരം കിട്ടേണ്ട അംശദായം ഉത്തരവുമൂലം തിട്ടപ്പെടുത്താവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ചട്ടം 4(1)-ൽ പരാതിക്കാരന് പറയുവാനുളളത് പറയാൻ അവസരം നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ട സമിതി അത് സംബന്ധിച്ച് നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയോട് വിശദീകരണം ആരായുകയുണ്ടായി. ആക്ടിലെ 16-ാം വകുപ്പ് പ്രകാരമുള്ള വ്യവസ്ഥയല്ല ചട്ടം 4-ൽ പറഞ്ഞിട്ടുള്ളതെന്നും, കുടിശ്ശിക തുക എങ്ങനെ ഈടാക്കണമെന്നതു സംബന്ധിച്ചാണ് പ്രസ്തുത

ചട്ടത്തിൽ പറഞ്ഞിട്ടുള്ളതെന്നും, 16-ാം വകുപ്പ് പ്രകാരം തിട്ടപ്പെടുത്തിയ അംശദായം അടയ്ക്കാതിരിക്കുമ്പോഴാണ് കുടിശ്ശികയാകുന്നതെന്നും നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിക്ക് മറുപടി നൽകി. അംഗങ്ങൾ അടയ്ക്കേണ്ട പ്രതിമാസ അംശദായ തുക ആക്ടിലെ 4-ാം വകുപ്പിൽ വ്യക്തമായി പറഞ്ഞിട്ടുള്ളതിനാൽ അത് വീണ്ടും തിട്ടപ്പെടുത്തേണ്ടതുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഓരോ വർഷവും എത്ര രൂപ അംശദായം അടയ്ക്കണമെന്നാണ് പറഞ്ഞിട്ടുള്ളതെന്നും അത് എത്ര വർഷമായിട്ടാണ് അടയ്ക്കേണ്ടതെന്നുള്ളത് തിട്ടപ്പെടുത്തേണ്ടതുണ്ടെന്നും നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. അംശദായം അടയ്ക്കുവാൻ വീഴ്ച വരുത്തുന്ന അംഗത്തിന് പറയുവാനുള്ളത് പറയാൻ അവസരം നൽകുന്നതിനുള്ള വ്യവസ്ഥ കൂടി ചട്ടം 4(1)-ൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. ആക്ടിലെ 16-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട അപ്പീൽ അധികാരിയുടെ ഉത്തരവിനെതിരെ പരാതിക്കാരന് 16(6) വകുപ്പ് പ്രകാരമുള്ള റിവിഷനുവേണ്ടിയുള്ള അപേക്ഷ ഉത്തരവ് ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ചട്ടം 4(1)-ലെ ഉത്തരവിനെതിരെ 4(2) പ്രകാരമുള്ള അപ്പീൽ തീരുമാനം അന്തിമമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് ഉചിതമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആകയാൽ ചട്ടം 4(2)-ൽ അപ്പീലിന്മേൽ റിവിഷനുള്ള പ്രൊവിഷൻ കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. ചട്ടം 6(3) പ്രകാരം ബോർഡിലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കുന്നതിന് പ്രത്യേക ചട്ടങ്ങൾ നാളിതുവരെ ഉണ്ടാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കുന്നതിന് ചട്ടം 6(3) പ്രകാരമുള്ള പ്രത്യേക ചട്ടങ്ങൾ എത്രയും വേഗം വിജ്ഞാപനം ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. ചട്ടം 9(1)-ൽ "................അംഗങ്ങളുടെ കണക്കിലുള്ള എല്ലാ തുകയും ബോർഡ്, സർക്കാർ വിഹിതവും, പലിശയുമടക്കം പ്രവാസി കേരളീയരുടെ ക്ഷേമ നിധിയിലേക്ക് മാറ്റേണ്ടതുമാണ്" എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ചട്ടം 9(2)-ൽ "................അംഗത്തിന്റെ കണക്കിലുള്ള തുക, അതുവരെ ആർജ്ജിച്ച പലിശ, ബോർഡ് അഥവാ സർക്കാർ വിഹിതം സഹിതം.............കൈമാറ്റം ചെയ്യേണ്ടതുണ്ട്" എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ചട്ടം 9(2)-ൽ അപ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ ബോർഡാണോ സർക്കാരാണോ വിഹിതം നൽകേണ്ടത് എന്ന കാര്യത്തിൽ അവ്യക്തതയുണ്ട്. അതിനാൽ, ചട്ടം 9(2)-ലെ "..................... ബോർഡ് അഥവാ സർക്കാർ വിഹിതം സഹിതം..............." എന്നതിലെ 'അഥവാ' എന്ന വാക്ക് ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. അംഗങ്ങളുടെ പേരിൽ മറ്റ് ക്ഷേമനിധികളിൽ നിലവിലുള്ള സഞ്ചിത തുക പ്രവാസി കേരളീയരുടെ ക്ഷേമനിധിയിലേക്ക് നാളിതുവരെ കൈമാറ്റം ചെയ്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അംഗങ്ങളുടെ പേരിൽ മറ്റ്

ക്ഷേമനിധികളിൽ നിലവിലുള്ള സഞ്ചിത തുക പ്രവാസി കേരളീയരുടെ ക്ഷേമനിധിയിലേക്ക് കൈമാറ്റം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

എസ്.ആർ.ഒ. നമ്പർ 194/2009, തീയതി 27-2-2009
[ജി.ഒ. (എംഎസ്.) നമ്പർ 02/2009/നോർക്ക, തീയതി 27-2-2009]

18. ആക്ടിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് പ്രവാസി കേരളീയരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും, അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി '2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി' ആവിഷ്കരിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ് എസ്.ആർ.ഒ. നമ്പർ 194/2009.

19. പ്രവാസി കേരളീയരുടെ ക്ഷേമനിധിയിൽ നിലവിൽ 7140 അംഗങ്ങളാണുള്ളതെന്ന് തെളിവെടുപ്പ് വേളയിൽ നോർക്ക വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. 30 ലക്ഷത്തിലേറെ പ്രവാസികളുണ്ടായിട്ടും ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുള്ളവർ 7140 പേർ മാത്രമാണെന്നതിൽ സമിതി ആശ്ചര്യപ്പെടുന്നു. പ്രവാസി കേരളീയരുടെ ക്ഷേമപദ്ധതി ഉദ്ദേശിക്കുന്ന രീതിയിൽ ഫലപ്രാപ്തിയിലെത്തണമെങ്കിൽ അർഹരായ എല്ലാ പ്രവാസികളും ക്ഷേമനിധിയിൽ അംഗത്വമെടുക്കേണ്ടതും, ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ അർഹരായ എല്ലാപേർക്കും ലഭിക്കേണ്ടതുമുണ്ട്. അതിനുള്ള ആദ്യപടിയാണ് ക്ഷേമപദ്ധതിയെക്കുറിച്ചും, ക്ഷേമനിധിയിൽ അംഗത്വമെടുക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും പ്രവാസി മലയാളികൾക്കിടയിൽ അവബോധമുണ്ടാക്കുക എന്നത് എന്ന് സമിതി കരുതുന്നു. അക്കാര്യം നിർവ്വഹിക്കേണ്ടത് നോർക്ക വകുപ്പിന്റെ ചുമതലയാണെന്നും സമിതി കരുതുന്നു. വിവിധ ദൃശ്യ-ശ്രവ്യമാദ്ധ്യമങ്ങളിൽക്കൂടിയും, ലഘുലേഖകൾ വിതരണം ചെയ്തും, പ്രവാസി മലയാളികളുടെ സംഘടനകളുടെ പങ്കാളിത്തത്തോടെയും ക്ഷേമ പദ്ധതിയെക്കുറിച്ച് പ്രവാസി മലയാളികൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് നോർക്ക വകുപ്പ് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

20. മേല്പറഞ്ഞ എസ്.ആർ.ഒ. മുഖേന പുറപ്പെടുവിച്ചിട്ടുള്ള പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിലെ '38' മുതൽ '42' വരെയുള്ള ഖണ്ഡികകൾ സർക്കാർ ഗസറ്റ് വിജ്ഞാപനം മുഖേന നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണെന്നും, മറ്റ് വ്യവസ്ഥകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതാണെന്നും വിജ്ഞാപനത്തിന്റെ പ്രാരംഭത്തിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ പദ്ധതിയിലെ പ്രസ്തുത ഖണ്ഡികകൾ ഉൾപ്പെടുന്ന അദ്ധ്യായം VI പ്രാബല്യത്തിൽ വരുന്ന തീയതി ബോർഡിന്റെ ശുപാർശയോടെ സർക്കാർ ഗസറ്റ് വിജ്ഞാപനപ്രകാരം നിശ്ചയിക്കേണ്ടതാണെന്ന് ഖണ്ഡിക 43-ലും പറഞ്ഞിട്ടുണ്ടെങ്കിലും '38' മുതൽ '42' വരെയുള്ള ഖണ്ഡികകൾ പ്രാബല്യത്തിൽ വരുന്ന തീയതി നാളിതുവരെ ഗസറ്റ് വിജ്ഞാപനംമൂലം പ്രസിദ്ധപ്പെടുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതിയിലെ '38' മുതൽ '42' വരെയുള്ള ഖണ്ഡികകൾ പ്രാബല്യത്തിൽ വരുന്ന തീയതി ഗസറ്റ് വിജ്ഞാപനത്തിലൂടെ പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. പദ്ധതിയിലെ അദ്ധ്യായം II-ന്റെ ശീർഷകത്തിലെ "പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ്" എന്നത് ആക്ടിലെ 9(1) വകുപ്പിൽ പറഞ്ഞിട്ടുളളതുപോലെ "കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ്" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. അംഗങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച ഖണ്ഡിക 15(1)-ലെ "...........'മുൻപ് വിദേശത്ത് താമസിച്ചിരുന്ന പ്രവാസി കേരളീയനും'..............." എന്നുളളത് "മുൻപ് വിദേശത്ത് താമസിച്ചിരുന്ന ഓരോ പ്രവാസി കേരളീയനും" എന്ന് തിരുത്തൽ വരുത്തണമെന്നും പ്രസ്തുത ഖണ്ഡികയിലെ 4-ാമത് വരിയിൽ '1-എ, ബി നമ്പർ ഫോറത്തിലുളള' എന്ന് ചേർത്തിട്ടുളളത് '1എ/1ബി നമ്പർ ഫോറത്തിലുളള' എന്ന് തിരുത്തൽ വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

23. ഖണ്ഡിക 15(1)-ൽ "തിരിച്ചുവന്ന മുൻ പ്രവാസി കേരളീയൻ (വിദേശം) രജിസ്ട്രേഷനുവേണ്ടിയുളള '1 ബി' നമ്പർ ഫോറത്തിലുളള അപേക്ഷയോടൊപ്പം പാസ്പോർട്ട്, വിസ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും കൂടാതെ അപേക്ഷകൻ രണ്ട് വർഷത്തിൽ കുറയാത്ത കാലയളവിൽ ഒരു പ്രവാസി കേരളീയനായിരുന്നെന്നും, തിരിച്ചു വന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയതാണെന്നും, ഇനി തിരിച്ചു പോകാൻ ഉദ്ദേശിക്കുന്നില്ലെന്നും കാണിക്കുന്നതിന്............... സാക്ഷ്യപത്രം................ബോർഡ് ഇതിനായി നിശ്ചയിക്കുന്ന രേഖ ഹാജരാക്കി അപേക്ഷ സമർപ്പിക്കാവുന്നതാണ്" എന്ന് വ്യവസ്ഥ ചെയ്യുകയും എന്നാൽ '1ബി' നമ്പർ ഫോറത്തിന്റെ മാതൃകയിലെ ക്രമനമ്പർ '9'-ൽ വിസയുടെ നമ്പരും രാജ്യത്തിന്റെ പേരും എന്നതിന്റെ ബ്രാക്കറ്റിൽ 'ലഭ്യമെങ്കിൽ' എന്നും ചേർത്തിട്ടുളളത് സമിതി പരിശോധിക്കുകയുണ്ടായി. വിദേശത്ത് തിരിച്ച് പോകാൻ ഉദ്ദേശിക്കാത്ത ഒരാളിനോട് വിസയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുളളത് ശരിയായ നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. എന്നാൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തി ഫോറം ഇതിനോടകം അച്ചടിച്ചു കഴിഞ്ഞുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ '1 ബി' നമ്പർ ഫോറം വിതരണം ചെയ്യുമ്പോൾ ക്രമനമ്പർ 9-ൽ ഉൾപ്പെടുത്തിയിരിക്കുന്നവ ഒഴിവാക്കിയശേഷം വിതരണം ചെയ്യേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

24. പ്രവാസി കേരളീയൻ (വിദേശം) രജിസ്ട്രേഷനുവേണ്ടി സമർപ്പിക്കേണ്ട രേഖകൾ വിവരിക്കുന്ന ഖണ്ഡിക 15(1)-ൽ"..................സമർപ്പിക്കേണ്ടതാണ്, പതിച്ചിരിക്കേണ്ടതാണ്, ഹാജരാക്കണം" തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുകയും എന്നാൽ ഇതേ കാര്യത്തിനായി പ്രവാസി കേരളീയൻ (ഭാരതം) സമർപ്പിക്കേണ്ട രേഖകൾ വിവരിക്കുന്ന ഖണ്ഡിക 15(2)-ൽ "സമർപ്പിച്ചിരിക്കണം, പതിച്ചിരിക്കണം, ഹാജരാക്കിയിരിക്കണം" തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുകയും ചെയ്തിരിക്കുന്നത് സമിതി പരിശോധിക്കുകയുണ്ടായി. ഒരേവിഷയത്തിൽ പ്രവാസി കേരളീയൻ (വിദേശം), പ്രവാസി കേരളീയൻ (ഭാരതം) എന്നീ രണ്ടു വിഭാഗങ്ങൾക്ക് രണ്ടു രീതിയിൽ പദപ്രയോഗം നടത്തിയിരിക്കുന്നത് അഭികാമ്യമല്ല എന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഖണ്ഡിക 15(1)-ലെ പദപ്രയോഗംതന്നെ ഖണ്ഡിക 15 (2)-ലും ഉപയോഗിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

25. ഖണ്ഡിക 15(2)-ൽ“...........‘ബന്ധപ്പെട്ട സംസ്ഥാനത്തെ വില്ലേജ് ഓഫീസർ’ ...............”എന്ന് ചേർത്തിട്ടുളളത് ഉചിതമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഒരു സംസ്ഥാനത്ത് ഒന്നിലേറെ വില്ലേജ് ഓഫീസർമാരുളളതിനാൽ ‘ബന്ധപ്പെട്ട സംസ്ഥാനത്തെ വില്ലേജ് ഓഫീസർ’ എന്നതിന് പകരം ‘ബന്ധപ്പെട്ട സംസ്ഥാനത്ത് അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തെ വില്ലേജ് ഓഫീസർ’ എന്ന് ചേർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

26. ഖണ്ഡിക 15(4)-ലെ“..........‘പ്രവാസി കേരളീയൻ’ എന്ന നിലയിലുള്ള അംഗത്വം റദ്ദാക്കുകയും എന്നാൽ ഒരു കല്പിതാംഗമായി തുടരാനർഹതയുള്ള തുമായ ഒരംഗം...........”എന്നതിലെ ‘പ്രവാസി കേരളീയൻ’ എന്നത് ‘പ്രവാസി കേരളീയൻ (ഭാരതം)’ എന്ന് തിരുത്തൽ വരുത്തണമെന്നും കൂടാതെ അപേക്ഷയിൽ പതിക്കേണ്ട കളർ ഫോട്ടോ എത്ര സമയത്തിനുള്ളിൽ എടുത്തതായിരിക്കണമെന്ന് വ്യക്തമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

27. മേൽപ്പറഞ്ഞ ഖണ്ഡികയിൽ“..........ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/തദ്ദേശ സ്വയംഭരണമേധാവി/...........പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/ കോർപ്പറേഷൻ മേയർ എന്നിവരിൽ ആരെങ്കിലും............”എന്ന് വ്യവസ്ഥ ചെയ്തിട്ടു ള്ളത് സമിതി പരിശോധിക്കുകയുണ്ടായി. ‘തദ്ദേശസ്വയംഭരണ മേധാവി’എന്ന് ചേർത്തിട്ടുള്ളതിനാൽ വീണ്ടും ‘പഞ്ചായത്ത് പ്രസിഡന്റ്/........./കോർപ്പറേഷൻ മേയർ’ എന്ന് ചേർക്കേണ്ട ആവശ്യമില്ലാത്തതിനാൽ ഖണ്ഡിക 15(4)-ലെ പ്രസ്തുത ഭാഗം ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28. ഖണ്ഡിക 15(5)-ലെ വ്യവസ്ഥ പ്രകാരം അംഗത്വത്തിനുള്ള അപേക്ഷ “.........ചീഫ്/മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.” ഖണ്ഡിക 13 പ്രകാരം ബോർഡിന് പ്രാദേശിക ഓഫീസുകളും പ്രവർത്തിപ്പിക്കാമെ ന്നതിനാൽ അംഗത്വത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം പ്രാദേശിക ഓഫീസുകളിലും ഉണ്ടാകേണ്ടതാണ്. ബോർഡിന് നിലവിൽ പ്രാദേശിക ഓഫീസുക ളില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രാദേശിക ഓഫീസുകൾ തുറക്കുമ്പോൾ അവിടെയും അംഗത്വത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് സൗകര്യമുണ്ടായിരി ക്കുന്നതാണെന്നത് സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

29. അംഗത്വ രജിസ്റ്റർ സംബന്ധിച്ച വ്യവസ്ഥകളടങ്ങുന്ന ഖണ്ഡിക 17(1)-ൽ “...........4 എ നമ്പർ ഫോറത്തിലുള്ള അംഗത്വ രജിസ്റ്ററിലും,.........ഫോറം 4 ബി നമ്പരിലുള്ള രജിസ്റ്ററിലും.............4 സി നമ്പർ ഫോറത്തിലുള്ള അംഗത്വ രജിസ്റ്ററിലും” എന്നും, ഖണ്ഡിക 17(2)-ൽ “4 സി-യിലുള്ള രജിസ്റ്ററിൽ............4 ഡി നമ്പർ ഫോറ ത്തിലുള്ള രജിസ്റ്ററിൽ........” എന്നിങ്ങനെ വ്യത്യസ്ത രീതിയിലാണ് ചേർത്തിരിക്കുന്നത്. ഇപ്രകാരം ചേർത്തിരിക്കുന്നതെല്ലാം ഒരേരൂപത്തിൽ അതായത് “.............നമ്പർ ഫോറത്തിലുള്ള അംഗത്വ രജിസ്റ്ററിൽ” എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

30. ഖണ്ഡിക 18(1) പ്രകാരം തിരിച്ചറിയൽ കാർഡ് ചീഫ്/മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ നല്കേണ്ടതാണ്. എന്നാൽ ഖണ്ഡിക 18(2) പ്രകാരം ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്കാണ്. തിരിച്ചറിയൽ കാർഡ് നല്കുന്നവർ തന്നെയാണ് ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡും നല്കേണ്ടത് എന്ന് സമിതി കരുതുന്നു. അതിനാൽ ഖണ്ഡിക 18 (1) ലേതുപോലെ 'ചീഫ്/മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ' എന്ന് ഖണ്ഡിക 18(2)-ലും ചേർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. അംഗത്വം നഷ്ടപ്പെടലും പുനഃസ്ഥാപിക്കലും സംബന്ധിച്ച ഖണ്ഡിക 21-ന് മറ്റ് ഉപഖണ്ഡികകൾ ഇല്ലാത്തതിനാൽ 21(1) എന്ന് അക്കമിട്ടിരിക്കുന്നതിലെ '(1)'എന്നത് ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

32. ഖണ്ഡിക '21' പ്രകാരം അംഗത്വം പുനഃസ്ഥാപിക്കുന്നതിന് നല്കേണ്ട പലിശയും പിഴപ്പലിശയും എത്രയാണെന്ന് ബോർഡ് തീരുമാനിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അംഗത്വം പുനഃസ്ഥാപിക്കുന്നതിന് നല്കേണ്ട പലിശയും പിഴപ്പലിശയും എത്രയാണെന്ന് നിശ്ചയിക്കുവാൻ ബോർഡിന് നിർദ്ദേശം നല്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

33. പദ്ധതിയിലെ പെൻഷൻ സംബന്ധിച്ച വ്യവസ്ഥകളടങ്ങുന്ന ഖണ്ഡിക 22(1)-ൽ ".................അറുപത് വയസ് പൂർത്തിയായതും, അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായമടച്ചിട്ടുള്ളതുമായ "ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും, സ്വന്തം നാട്ടിലേക്ക് തിരിച്ചുവന്നയാളായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം അഞ്ഞൂറ് രൂപ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്" എന്ന് പറഞ്ഞിരിക്കുന്നു. 'ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും' എന്നതും, 'സ്വന്തം നാട്ടിലേക്ക് തിരിച്ചുവന്നയാളായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും എന്നതും ഒന്നുതന്നെ ആയതിനാൽ അതിൽ ഒരെണ്ണം ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34. ഖണ്ഡിക 23-ന്റെ (1)-ാം ഉപഖണ്ഡികയിലെ "അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള ഒരു പ്രവാസി കേരളീയനായ അംഗവും, പ്രവാസി കേരളീയൻ (ഭാരതം) അംഗവും...........കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്" എന്നുള്ളത് "അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള ഒരു പ്രവാസി കേരളീയനായ (വിദേശം) അംഗവും, പ്രവാസി കേരളീയൻ (ഭാരതം) അംഗവും.........................." എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

35. ഖണ്ഡിക 23(2)-ൽ കുടുംബ പെൻഷൻ തുക ഓരോ വിഭാഗത്തിനും 22-ാം ഖണ്ഡിക പ്രകാരം അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപത് ശതമാനം ആയിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഖണ്ഡിക 22-ൽ 'പെൻഷൻ' സംബന്ധിച്ച വ്യവസ്ഥയാണുള്ളത്, 'പ്രായാധിക്യ പെൻഷൻ'

സംബന്ധിച്ചല്ല. ആയതിനാൽ ഖണ്ഡിക 23(2)-ലെ 'പ്രതിമാസ പ്രായാധിക്യ പെൻഷൻ'..............."എന്നതിലെ 'പ്രായാധിക്യ' എന്ന വാക്ക് ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

36. ഖണ്ഡിക 23(4)-ന്റെ വിശദീകരണത്തിൽ ചേർത്തിട്ടുള്ള 'അപക്ഷകന്റെ' എന്നത് 'അപേക്ഷകന്റെ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

37. ഖണ്ഡിക 24-ന്റെ വിശദീകരണം (ii)-ലെ "ഈ ഉപഖണ്ഡിക പ്രകാരമുള്ള ആനുകൂല്യത്തിന്................."എന്നുള്ളത് "ഒന്നാം ഉപഖണ്ഡിക പ്രകാരമുള്ള ആനുകൂല്യത്തിന്............"എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

38. പെൻഷനുള്ള അപേക്ഷയും നടപടിക്രമങ്ങളുമാണ് ഖണ്ഡിക 25-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഖണ്ഡിക 25(1) പ്രകാരം പെൻഷനുള്ള അപേക്ഷ ലഭിച്ചാൽ കാലതാമസം കൂടാതെ മേഖലാ/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ........ അപേക്ഷ സ്വീകരിച്ച് പെൻഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവോ കാരണം കാണിച്ച് അപേക്ഷ നിരസിച്ചു കൊണ്ടുള്ള ഉത്തരവോ പുറപ്പെടുവിക്കേണ്ടതാണെന്ന് ഖണ്ഡിക 25(3)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അപേക്ഷയിന്മേൽ എത്ര സമയത്തിനകം തീരുമാനമെടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. അപേക്ഷ തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അപേക്ഷകന് നീതി ലഭിക്കുന്നതിന് കാലതാമസം നേരിട്ടേക്കാമെന്ന് സമിതി കരുതുന്നു. ആയതിനാൽ പെൻഷനുള്ള അപേക്ഷയിന്മേൽ തീർപ്പുകല്പിക്കുന്നതിനുള്ള സമയപരിധി സംബന്ധിച്ച വ്യവസ്ഥ ഖണ്ഡിക 25(3)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

39. ആക്ടിലെ 3-ാം വകുപ്പ് (4)(സി) ഉപവകുപ്പ് പ്രകാരം അംശദായ തുക തിരികെ നല്കുന്നത് സംബന്ധിച്ച വ്യവസ്ഥകളടങ്ങിയ പദ്ധതിയിലെ 26-ാം ഖണ്ഡികയുടെ (9)-ാം ഉപഖണ്ഡികയിൽ അംശദായ തുക തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ തീരുമാനമെടുക്കേണ്ടതും, തീരുമാനം അപേക്ഷകനെ അറിയിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ എത്ര സമയത്തിനുള്ളിൽ തീരുമാനമെടുത്തിരിക്കണമെന്നതു സംബന്ധിച്ചും, തീരുമാനം അപേക്ഷകനെ രേഖാമൂലം അറിയിക്കുന്നതു സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ, അംശദായ തുക തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിനുള്ള സമയപരിധിയും, തീരുമാനം അപേക്ഷകനെ രേഖാമൂലം അറിയിക്കുന്നതിനുള്ള വ്യവസ്ഥയും ഖണ്ഡിക 26(9)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

40. ഖണ്ഡിക 27(3)-ൽ "................വിദേശത്താണെങ്കിൽ ഇന്ത്യൻ എംബസി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതും അതാതു രാജ്യത്തെ ബന്ധപ്പെട്ട അധികാരികൾ നല്കിയതുമായ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും .................." എന്ന് ചേർത്തിരിക്കുന്നതിന് പകരം "വിദേശത്തു വച്ചാണ് മരണപ്പെടുന്നതെങ്കിൽ അതാതു രാജ്യത്തെ ബന്ധപ്പെട്ട അധികാരികൾ നല്കിയ സർട്ടിഫിക്കറ്റിന്റെ ഇന്ത്യൻ എംബസി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ്" എന്ന് ചേർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

41. ഖണ്ഡിക 27(5)-ൽ അപേക്ഷയിന്മേൽ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ "30 ദിവസത്തിനകം തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്ന്" വ്യവസ്ഥ കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

42. ഖണ്ഡിക 28(1)-ലെ ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെയും കല്പിതാംഗങ്ങളുടെയും ചികിത്സയ്ക്കായി ഒരംഗത്തിന് മുഴുവൻ അംഗത്വകാലയളവിൽ 50,000 രൂപ എന്ന പരമാവധി പരിധിക്ക് വിധേയമായി ധനസഹായം അനുവദിക്കാവുന്നതാണെന്ന വ്യവസ്ഥ സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സാച്ചെലവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരംഗത്തിന് മുഴുവൻ അംഗത്വ കാലയളവിലേക്ക് 50,000 രൂപ എന്നത് പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തി. അതിനാൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ചികിത്സാ സഹായ തുക പുതുക്കി നിശ്ചയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

43. പദ്ധതിയിലെ ഖണ്ഡിക 29-ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള 'ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി' ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി എത്രയും വേഗം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

44. ഖണ്ഡിക 29(2)-ലെ 'ചിലവുകൾ' എന്നത് 'ചെലവുകൾ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

45. വിവാഹ ധനസഹായം സംബന്ധിച്ച വ്യവസ്ഥകളടങ്ങിയ ഖണ്ഡിക 30 സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. ഖണ്ഡിക 27 പ്രകാരമുള്ള ആശ്രിത സഹായം, ഖണ്ഡിക 28 പ്രകാരമുള്ള ചികിത്സാ സഹായം, ഖണ്ഡിക 32 പ്രകാരമുള്ള വിദ്യാഭ്യാസ ആനുകൂല്യം എന്നിവയ്ക്ക് കല്പിതാംഗങ്ങളും അവരുടെ ആശ്രിതരും അർഹരാണെന്നിരിക്കെ ഖണ്ഡിക 30 പ്രകാരമുള്ള വിവാഹ ധനസഹായം കല്പിതാംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്ക് നിഷേധിച്ചിരിക്കുന്നത് സംബന്ധിച്ച് സമിതി നോർക്ക വകുപ്പ് സെക്രട്ടറിയോട് വിശദീകരണം ആരായുകയുണ്ടായി. വിദേശത്തുള്ള പ്രവാസി കേരളീയർ അനുഭവിക്കുന്നതിന്റെ അത്രയും കഷ്ടപ്പാട് കൽപിതാംഗങ്ങൾക്ക് വരുന്നില്ല എന്നുള്ളതു കൊണ്ടാണ് വിദേശത്തുള്ളവർക്ക് മുൻഗണന നൽകുന്നതെന്നും, കല്പിതാംഗങ്ങൾക്ക് പ്രസവാനുകൂല്യം നല്കുന്നില്ലെന്നും, കല്പിതാംഗങ്ങളുടെ പ്രതിമാസ അംശദായ തുക 50 രൂപയാണെന്നും, അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന കേരളീയരുടെ എണ്ണം വളരെ കൂടുതലായതിനാൽ അവർക്ക് എല്ലാ ആനുകൂല്യങ്ങളും നല്കുന്നതിനുള്ള സാമ്പത്തിക സ്ഥിതി ബോർഡിനില്ലെന്നും നോർക്ക വകുപ്പ് സെക്രട്ടറി വിശദീകരണം നല്കുകയുണ്ടായി. നോർക്ക വകുപ്പ് സെക്രട്ടറിയുടെ പ്രസ്തുത വിശദീകരണത്തിനോട് സമിതിക്ക് യോജിക്കാൻ കഴിയില്ല. ഒരേ പദ്ധതിയിൻകീഴിലുള്ള അംഗങ്ങൾക്ക് നല്കുന്ന ആനുകൂല്യങ്ങളിൽ വേർതിരിവ് പാടില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. കല്പിതാംഗങ്ങളുടെ പെൺമക്കൾക്ക് കൂടി, അവരുടെ അംശദായത്തിന് ആനുപാതികമായി, വിവാഹ ധനസഹായം നല്കുന്നതിനുള്ള വ്യവസ്ഥ ഖണ്ഡിക 30(1)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

46. വിവാഹ ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട സാക്ഷ്യപത്രം സംബന്ധിച്ച ഖണ്ഡിക 30(6) സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച പുതിയ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുൻപാണ് പദ്ധതി ആവിഷ്കരിച്ചതെന്നതിനാൽ ഖണ്ഡിക 30(6)-ൽ സമൂലമായ മാറ്റം വരുത്തേണ്ടതുണ്ടെന്ന് സമിതി കരുതുന്നു. 2008-ലെ വിവാഹ രജിസ്ട്രേഷൻ ചട്ടമനുസരിച്ച് എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ആയതിനാൽ 2008-ലെ വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരമുള്ള വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥ ഖണ്ഡിക 30(6)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

47. ഖണ്ഡിക 30(7)-ൽ വിവാഹ ധനസഹായത്തിനുള്ള അപേക്ഷയിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ അതിനുള്ള സമയപരിധി കൂടി വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

48. ഖണ്ഡിക 31(4)-ന്റെ രണ്ടാമത് ഖണ്ഡികയിൽ ചേർത്തിരിക്കുന്ന "........... സമർപ്പിക്കുന്ന അപേക്ഷയും 'എക്സിക്യൂട്ടീവ് ഓഫീസർക്ക്' സ്വീകരിക്കാവുന്നതാണ്" എന്നത് "......................സമർപ്പിക്കുന്ന അപേക്ഷയും 'ബന്ധപ്പെട്ട മേഖലാ/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക്' സ്വീകരിക്കാവുന്നതാണ്" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

49. ഖണ്ഡിക 30 പ്രകാരമുള്ള വിവാഹ ധനസഹായത്തിന് കുറഞ്ഞത് 3 വർഷം അംശദായം അടച്ചിരിക്കണമെന്നും, ഖണ്ഡിക 31 പ്രകാരമുള്ള പ്രസവാനുകൂല്യത്തിനും, ഖണ്ഡിക 32 പ്രകാരമുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനും '2' വർഷം അംശദായം അടച്ചിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നത് സമിതി പരിശോധിക്കുകയും വിവിധ ആനുകൂല്യങ്ങൾക്കുള്ള അർഹതയ്ക്കായി അംശദായം അടയ്ക്കേണ്ട കാലയളവുകൾ വ്യത്യസ്തമായി വ്യവസ്ഥ ചെയ്തിട്ടുള്ളത് സംബന്ധിച്ച് നോർക്ക വകുപ്പ് സെക്രട്ടറിയോട് വിശദീകരണം ആരായുകയും ചെയ്തു. പ്രസവാനുകൂല്യത്തിനും വിദ്യാഭ്യാസ ആനുകൂല്യത്തിനും മുൻഗണന നൽകുന്നതുകൊണ്ടും, ബോർഡിന്റെ സാമ്പത്തികസ്ഥിതി ഒരു ഘടകമായതുകൊണ്ടുമാണ് അപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും ആക്ടിലെ 4(3) വകുപ്പുപ്രകാരം സർക്കാർ നിധിയിലേക്ക് നല്കേണ്ട ഗ്രാന്റ് 2% എന്നത് 5% ആക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും നോർക്ക വകുപ്പ് സെക്രട്ടറി വിശദീകരണം നൽകുകയുണ്ടായി. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നവരാണ് പ്രവാസികൾ എന്നതിനാൽ അവരുടെ ക്ഷേമകാര്യങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സഹായം നൽകേണ്ടത് സർക്കാരിന്റെ കടമയാണെന്ന് സമിതി കരുതുന്നു. ആയതിനാൽ ആക്ടിലെ 4(3) വകുപ്പ് പ്രകാരം സർക്കാർ നിധിയിലേക്ക് നൽകേണ്ട ഗ്രാന്റ് 2% എന്നത് 5% ആക്കി ഉയർത്തുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

50. ഖണ്ഡിക 32-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരമുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ബോർഡ് നടപടി ആരംഭിച്ചിട്ടുണ്ടെന്നും അത് സംബന്ധിച്ച പ്രൊപ്പോസൽ നിയമ വകുപ്പിന്റെ പരിഗണനയിലാണെന്നും സമിതി മനസ്സിലാക്കുന്നു. വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള പദ്ധതി കഴിയുംവേഗം നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

51. ഖണ്ഡിക 33 പ്രകാരമുള്ള പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമം പദ്ധതി ആവിഷ്കരിച്ച് '4' വർഷമാകാറായിട്ടും ബോർഡ് നിശ്ചയിച്ചിട്ടില്ലെന്ന് തെളിവെടുപ്പ് വേളയിൽ സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമം എത്രയും വേഗം നിശ്ചയിക്കുന്നതിന് ബോർഡിന് നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

52. ഖണ്ഡിക 33(5), ഖണ്ഡിക 33(6) എന്നിവ യഥാക്രമം 33(4)-ഉം 33(5)-ഉം ആയി ചേർക്കണമെന്നും, ഖണ്ഡിക 33(4) ആയി ചേർത്തിട്ടുള്ളത് ഖണ്ഡിക 33(6) ആയി ചേർക്കണമെന്നും, ഖണ്ഡിക 33(5) -ൽ പറഞ്ഞിരിക്കുന്ന '(4)-ാം ഉപഖണ്ഡിക പ്രകാരമുള്ള അപേക്ഷ' എന്നത് '(3)-ാം ഉപഖണ്ഡിക പ്രകാരമുള്ള പെൻഷൻ കുടിശ്ശിക തുകയ്ക്കുള്ള അപേക്ഷ' എന്ന് തിരുത്തൽ വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

53. ഖണ്ഡിക 33(6)-ൽ "അവകാശികൾ ആരൊക്കെയെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയോ വില്ലേജ് ഓഫീസറോ, തഹസീൽദാരോ നല്കിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിച്ചിരിക്കണമെന്ന" വ്യവസ്ഥ സമിതി വിശദമായി പരിശോധിക്കുകയും അവകാശികൾ ആരൊക്കെയെന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നല്കേണ്ടത് റവന്യൂ അധികാരികളാണെന്നിരിക്കെ 'ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയോ' എന്ന് ചേർത്തിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആരായുകയും ചെയ്തു. മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരം സർട്ടിഫിക്കറ്റ് നല്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടെന്ന് നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും, കേരളത്തിലാണെങ്കിൽ തഹസീൽദാരും, മറ്റ് സംസ്ഥാനങ്ങളിലാണെങ്കിൽ നിലവിലുള്ള നിയമമനുസരിച്ചുള്ള ഓഫീസറുമാണ് സർട്ടിഫിക്കറ്റ് നല്കേണ്ടതെന്ന് നോർക്ക വകുപ്പ് സെക്രട്ടറിയും വിശദീകരണം നൽകുകയുണ്ടായി. പ്രസ്തുത വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഖണ്ഡിക 33(6)-ൽ അപ്രകാരം തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

54. അദ്ധ്യായം V-ലെ ഖണ്ഡിക 34(1)-ലെ "................'അംശാദായത്തിന്റെ'................" എന്നത് 'അംശദായത്തിന്റെ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

55. ഖണ്ഡിക 34 പ്രകാരം "പ്രവാസി ആശ്വാസ നിധി" എന്ന പേരിൽ പ്രത്യേക ആശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. "പ്രവാസി ആശ്വാസ നിധി" എത്രയും വേഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

56. ഖണ്ഡിക 35(2)-ലെ "മാനദണ്ഢങ്ങൾ" എന്ന വാക്ക് 'മാനദണ്ഡങ്ങൾ' എന്നും ഖണ്ഡിക 36(1)-ലെ "......................'വാങ്ങുന്നതിനോ വേണ്ടിയോ'.........." എന്നത് 'വാങ്ങുന്നതിനു വേണ്ടിയോ' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

57. ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് 55 വയസ്സ് പൂർത്തിയായതുമൂലം നിധിയിൽ അംഗത്വമെടുക്കാൻ കഴിയാതെവന്ന പ്രവാസി കേരളീയർ (വിദേശം)ക്ക് ചികിൽസാ സഹായം, അത്യാവശ്യ ധനസഹായം, പെൻഷൻ എന്നിവ നൽകുന്നതിനായി "പ്രവാസി കേരളീയർ (വിദേശം) പ്രത്യേക സഹായനിധി" എന്ന പേരിൽ ഒരു പ്രത്യേക സഹായനിധി ബോർഡ് രൂപീകരിക്കേണ്ടത് സംബന്ധിച്ച വ്യവസ്ഥകളാണ് ഖണ്ഡിക 38-ൽ പറഞ്ഞിട്ടുളളത്. ഖണ്ഡിക 38(3) പ്രകാരം പ്രത്യേക സഹായ നിധിയിലെ വരുമാനത്തിനായി ബോർഡിന് സ്വീകരിക്കാവുന്ന നിയമാനുസൃത സംഭാവനകളുടെ കൂട്ടത്തിൽ "മറ്റ് ഉറവിടങ്ങളിൽ നിന്നോ ലഭിക്കുന്ന" എന്ന് ചേർത്തി രിക്കുന്നത് സംബന്ധിച്ച് സമിതി നോർക്ക വകുപ്പ് സെക്രട്ടറിയോട് വിശദീകരണം ആരായുകയുണ്ടായി. മറ്റേതെങ്കിലും ഉറവിടങ്ങളിൽ നിന്നും ലഭിക്കുന്ന തുക എന്നേ അതുകൊണ്ട് അർത്ഥമാക്കുന്നുള്ളൂവെന്നും, ധനികരായ പ്രവാസികൾ, പ്രവാസി അസോസിയേഷനുകൾ എന്നിവരിൽ നിന്നും സംഭാവന ലഭിച്ചേക്കാമെന്നതു കൊണ്ടാണ് അപ്രകാരം ചേർത്തിട്ടുള്ളതെന്നും, എന്നാൽ അത്തരത്തിൽ സംഭാവന കളൊന്നും ലഭിച്ചിട്ടില്ലെന്നും, അത് സംബന്ധിച്ച് ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും നോർക്ക വകുപ്പ് സെക്രട്ടറി വിശദീകരണം നൽകുകയുണ്ടായി. ധനികരായ പല പ്രവാസികളും പ്രവാസി അസോസിയേഷനുകളും സംസ്ഥാനത്തെ സാമൂഹിക പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാകുന്നവരായതിനാൽ ഖണ്ഡിക 38 പ്രകാരമുളള സഹായനിധിയിലേക്ക് അവരിൽ നിന്നും സംഭാവന പ്രതീക്ഷിക്കാവുന്നതാണ്. പ്രവാസി കേരളീയർ (വിദേശം) പ്രത്യേക സഹായനിധി യിലേക്ക് പ്രവാസികളിൽ നിന്നും പ്രവാസി അസോസിയേഷനുകളിൽ നിന്നും സംഭാവന ലഭിക്കുന്നതിന് സർക്കാർ തലത്തിൽ നിന്നും ഇടപെടലുകൾ ഉണ്ടാകണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

58. ഖണ്ഡിക 39(1)-ലെ 'മാരക അസുഖങ്ങളുടെ' എന്നത് 'മാരക രോഗങ്ങ ളുടെ' എന്നും, ഖണ്ഡിക 39(3)-ലെ 'ആശുപത്രികളിലെ, ക്ലിനിക്കുകളിലെ' എന്നത് 'ആശുപത്രികളിലെ/ക്ലിനിക്കുകളിലെ' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

59. ഖണ്ഡിക 39(3)-ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ആശുപത്രികളുടെ/ ക്ലിനിക്കുകളുടെ പേര് വിവരം അംഗങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തി യിട്ടില്ലെന്ന് തെളിവെടുപ്പ് വേളയിൽ സമിതിക്ക് ബോധ്യപ്പെട്ടു. പ്രത്യേക സഹായനിധി സംബന്ധിച്ച് സർക്കാർ മുമ്പാകെ സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലിന്മേൽ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് മാത്രമേ ആശുപത്രികളുടെ/ക്ലിനിക്കുകളുടെ പേര് വിവരം പ്രസിദ്ധപ്പെടുത്തുവാൻ ബോർഡിന് സാധിക്കുകയുള്ളൂവെന്ന് നോർക്ക വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് ഖണ്ഡിക 39(3)-ൽ പറഞ്ഞിരിക്കുന്ന ആശുപത്രികളുടെ/ക്ലിനിക്കുകളുടെ പേര് വിവരം അംഗങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

60. ഏതൊക്കെ മാരകരോഗങ്ങളുടെ ചികിത്സയ്ക്കാണ് ഖണ്ഡിക 39 പ്രകാരമുള്ള ചികിത്സാ സഹായം ലഭിക്കുന്നതെന്ന് ഖണ്ഡിക 39(4)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അതിൽ കരൾ സംബന്ധമായ രോഗങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. കരൾ സംബന്ധമായ രോഗങ്ങളെ കൂടി ഖണ്ഡിക 39(4)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

61. ഖണ്ഡിക 40(1), ഖണ്ഡിക 42(4) എന്നിവയിലെ "ജില്ലാ എക്സി. ഓഫീസർ" എന്നതിന് പകരം അതിന്റെ പൂർണ്ണ രൂപമായ "ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ" എന്നും, ഖണ്ഡിക 40(2)-ലെ 'എമ്പസി' എന്നത് 'എംബസി' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

62. പ്രത്യേക സഹായനിധിയിൽ നിന്നും ഖണ്ഡിക 39 പ്രകാരമുള്ള ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി ഖണ്ഡിക 40(3)-ൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ അപേക്ഷയിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി ഖണ്ഡിക 40(3)-ൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

63. ഖണ്ഡിക 40-ന്റെ തലക്കെട്ട് 'അപേക്ഷ സമർപ്പിക്കലും നടപടികളും' എന്നാണ് നല്കിയിട്ടുള്ളതെങ്കിലും അപേക്ഷ സമർപ്പിക്കൽ സംബന്ധിച്ച വ്യവസ്ഥകൾ, അപേക്ഷയിന്മേൽ സ്വീകരിക്കേണ്ട നടപടികൾ എന്നിവ ഇടകലർത്തിയാണ് പ്രസ്തുത ഖണ്ഡികയിൽ ചേർത്തിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുകയുണ്ടായി. അപേക്ഷ സമർപ്പിക്കൽ സംബന്ധിച്ച വ്യവസ്ഥകൾക്കുശേഷം അപേക്ഷയിന്മേൽ സ്വീകരിക്കേണ്ട നടപടികൾ ചേർക്കുന്നതാവും ഉചിതമെന്ന് സമിതി കരുതുന്നു. ആയതിനാൽ ഖണ്ഡിക 40(2)-ന് ശേഷം ഖണ്ഡിക 40(4)-ൽ ചേർത്തിട്ടുള്ള 'വയസ് തെളിയിക്കുന്നതിന്..........................................പകർപ്പ് സ്വീകരിക്കാവുന്നതാണ്' എന്ന ഖണ്ഡിക ചേർക്കണമെന്നും, ഖണ്ഡിക 40(5)-ൽ ചേർത്തിട്ടുള്ളത് ഖണ്ഡിക 40(3) ആയും, ഖണ്ഡിക 40(3), 40(4) എന്നിവ യഥാക്രമം ഖണ്ഡിക 40(4)-ഉം ഖണ്ഡിക 40(5)-ഉം ആയി ചേർക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

64. ഖണ്ഡിക 41 പ്രകാരമുള്ള വാർദ്ധക്യകാല ആശ്വാസ പദ്ധതി ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ലെന്നും, എന്നാൽ ആയത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. വാർദ്ധക്യകാല ആശ്വാസ പദ്ധതി എത്രയും വേഗം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

65. ഖണ്ഡിക 42(1)-ലെ "................"പ്രവാസി കേരളീയർ (വിദേശം)' ...................."എന്നത് 'പ്രവാസി കേരളീയൻ (വിദേശം)' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

66. ഖണ്ഡിക 44-ന്റെ തലക്കെട്ട് 'പെൻഷൻ ആനുകൂല്യം നിരസിച്ചു കൊണ്ടുള്ള ഉത്തരവിന്മേൽ അപ്പീൽ' എന്നാണ് നൽകിയിരിക്കുന്നത്. വിവിധ ആനുകൂല്യങ്ങൾക്കുളള അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഉത്തരവിന്മേൽ അപ്പീൽ

നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകളാണ് പ്രസ്തുത ഖണ്ഡികയിൽ പറഞ്ഞിട്ടുളളത് എന്നതിനാൽ ഖണ്ഡിക 44-ന്റെ തലക്കെട്ട് "ആനുകൂല്യം നിരസിച്ചുകൊണ്ടുള്ള ഉത്തരവിന്മേൽ അപ്പീൽ" എന്ന് ചേർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

67. ഖണ്ഡിക 44(2)-ൽ അപ്പീലിന്മേൽ ബോർഡ് എത്ര സമയത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നത് സംബന്ധിച്ചും തീരുമാനം അപേക്ഷകനെ രേഖാമൂലം അറിയിക്കുന്നത് സംബന്ധിച്ചും വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ തീരുമാനമെടുക്കുന്നതിനുള്ള സമയപരിധിയും, തീരുമാനം അപേക്ഷകനെ 'രേഖാമൂലം' അറിയിക്കുന്നതിനുള്ള വ്യവസ്ഥയും ഖണ്ഡിക 44(2)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

68. ആക്ടിലെ 26-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡിന്റെ വാർഷിക റിപ്പോർട്ട് ഓരോ വർഷവും ഡിസംബർ അവസാനത്തിന് മുമ്പായി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ പദ്ധതിയിലെ ഖണ്ഡിക 45(4)-ൽ ഓരോ വർഷവും ഡിസംബർ 31-ാം തീയതിക്കകമോ സർക്കാർ നിശ്ചയിക്കുന്ന മറ്റേതെങ്കിലും തീയതിക്കകമോ, ആസ്തിയുടെ തരംതിരിച്ചുള്ള സംക്ഷിപ്ത വിവരണം തയ്യാറാക്കി വാർഷിക റിപ്പോർട്ടിനോടൊപ്പം സർക്കാരിന് സമർപ്പിക്കേണ്ടതാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുളളത്. ഡിസംബർ 31-ന് മുൻപ് സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ടിനോടൊപ്പമാണ് ആസ്തി സംബന്ധിച്ച വിവരം സമർപ്പിക്കേണ്ടത് എന്നതിനാൽ "സർക്കാർ നിശ്ചയിക്കുന്ന മറ്റേതെങ്കിലും തീയതിക്കകമോ" എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് ആക്ടിലെ 26(1)-ാം വകുപ്പിന് വിരുദ്ധമാണ്. ആയതിനാൽ ഖണ്ഡിക 45(4)-ൽ ആവശ്യമായ തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

69. ഖണ്ഡിക 48 പ്രകാരം ഓരോ വർഷത്തെയും ബഡ്ജറ്റ് യഥാസമയം തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

70. ഖണ്ഡിക 49(1) പ്രകാരം നിധിയുടെ എല്ലാ കണക്കുകളും, ഭരണപരമായ ചെലവുകൾ ഉൾപ്പെടെ, എല്ലാ വർഷവും ജൂൺ മാസം 30-ാം തീയതിക്കു മുമ്പായി സർക്കാരിന്റെ മുൻകൂട്ടിയുളള അനുമതിയോടെ ബോർഡ് തീരുമാനിക്കുന്ന ഏതെങ്കിലും ചാർട്ടേഡ് അക്കൗണ്ടന്റിനെ നിയോഗിച്ച് ആഡിറ്റ് ചെയ്യിക്കേണ്ടതാണ്. ആഡിറ്റ് റിപ്പോർട്ട് ബോർഡ് അംഗീകരിച്ച് ബോർഡിന്റെ അഭിപ്രായത്തോടും വിശദീകരണത്തോടും കൂടി ഡിസംബർ 31-ന് മുമ്പായി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ 2008-2009 വർഷംവരെയുളള ആഡിറ്റ് റിപ്പോർട്ട് മാത്രമേ സർക്കാരിന് സമർപ്പിച്ചിട്ടുളളൂവെന്നും, അതിനുശേഷമുള്ള വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും തെളിവെടുപ്പ് വേളയിൽ നോർക്ക വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. ഓരോ വർഷത്തെയും ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 49(1)-ൽ പറഞ്ഞിരിക്കും പ്രകാരം ഡിസംബർ മാസം 31-ന് മുമ്പായി സർക്കാരിന് സമർപ്പിക്കുന്നതിന് ബോർഡിന് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

71. അംഗത്വത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഫോറം നമ്പർ '1എ', '1ബി', '2എ' എന്നിവയുടെ ക്രമനമ്പർ 4-ൽ 'കേരളത്തിലെ സ്ഥിരമേൽ വിലാസം, വീട്ടുപേര്' എന്നാണ് ചേർത്തിട്ടുള്ളത്. മേൽവിലാസം എന്നതിൽ വീട്ടു പേരും ഉൾപ്പെടുമെന്നതിനാൽ 'വീട്ടുപേര്' എന്നത് ബ്രാക്കറ്റിനുള്ളിൽ ചേർത്തിരിക്കു ന്നവയുടെ കൂട്ടത്തിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

72. പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകളിൽ പ്രസവാനുകൂല്യത്തിനുള്ള അപേക്ഷയിലൊഴികെ സത്യപ്രസ്താവന/സാക്ഷ്യപത്ര ത്തിന് താഴെയും, നോമിനേഷൻ വേണ്ടവയിൽ അതിന് താഴെയും ചേർത്തിരിക്കുന്ന 'അപേക്ഷകന്റെ പേരും ഒപ്പും' എന്നതിന് പകരം 'അപേക്ഷകന്റെ/അപേക്ഷകയുടെ പേരും ഒപ്പും' എന്ന് ചേർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

73. ഫോറം നമ്പർ '2എ'-യിലെ ക്രമനമ്പർ 9-ൽ "...................ഡെപ്യൂ ട്ടേഷനിലോ ജോലി ചെയ്തു വരുന്നതാണോ?" എന്നുള്ളത് "ഡെപ്യൂട്ടേഷനിലോ മറ്റ് സംസ്ഥാനത്ത് ജോലി ചെയ്തുവരുന്നതാണോ?" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

74. ഫോറം നമ്പർ '2 എ'-യിലെ സാക്ഷ്യപത്രത്തിൽ "..............സാക്ഷ്യപ്പെടു ത്തിക്കൊള്ളുന്നു, അന്യസംസ്ഥാനം.......................ബോർഡിനെ അറിയിക്കുന്നതാണ്" എന്നുള്ളത് "..................ബോർഡിനെ അറിയിക്കുന്നതാണെന്നും സാക്ഷ്യപ്പെടുത്തി ക്കൊള്ളുന്നു" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

75. ഫോറം നമ്പർ '2 ബി'-യുടെ ക്രമനമ്പർ 8-ൽ 'അഭിപ്രായക്കുറിപ്പ്' എന്ന് ചേർത്തിരിക്കുന്നത് ഉചിതമല്ല. അപേക്ഷകൻ ഒപ്പിട്ട് സമർപ്പിക്കേണ്ട അപേക്ഷയിൽ അഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തേണ്ട ആവശ്യമില്ലാത്തതിനാൽ അതിനുപകരം ഫോറം നമ്പർ '1എ', '2എ' എന്നിവയിൽ ചേർത്തിട്ടുള്ളതുപോലെ "മറ്റെന്തെങ്കിലും വിവരങ്ങളുണ്ടെങ്കിൽ ആയത്" എന്ന് ചേർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

76. ഫോറം നമ്പർ '2ബി'-യിൽ നോമിനേഷനുള്ള ഭാഗം ചേർക്കണമെന്നും, ഖണ്ഡിക 15 (4)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സാക്ഷ്യപത്രം ഹാജരാക്കിയി രിക്കണമെന്ന് ചേർക്കണമെന്നും, കൂടാതെ മറ്റ് അംഗത്വഫോറങ്ങളിൽ ഉള്ളതുപോലെ "താഴെപ്പറയുന്ന കാരണങ്ങളാൽ അംഗത്വത്തിനുള്ള അപേക്ഷ നിരസിച്ചു" എന്നത് ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

77. ഫോറം നമ്പർ '3ബി'-യുടെ ക്രമനമ്പർ '9'-ലെ "ഇൻഷ്വറൻസ് പോളിസി നമ്പർ" എന്നത് ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

78. പദ്ധതിയിലെ ഖണ്ഡിക 17(2) പ്രകാരം അംഗത്വമാറ്റം നടത്തിയ അംഗങ്ങൾക്കുള്ള (കല്പിതാംഗം) മാറ്റം വരുത്തിയ തിരിച്ചറിയൽ കാർഡ് ഫോറം '3 ബി'-യിൽ നൽകേണ്ടതാണെന്ന് ഖണ്ഡിക 18(1)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഫോറം '3 ബി' -യുടെ തലക്കെട്ടിൽ 'തിരിച്ചറിയൽ കാർഡ്' എന്നതിന് താഴെ "(തിരിച്ചുവന്ന പ്രവാസി കേരളീയൻ-വിദേശം)" എന്നും അതിനു താഴെ 'കല്പിതാംഗം' എന്നും ചേർത്തിരിക്കുന്നു. കല്പിതാംഗങ്ങൾക്കുള്ള തിരിച്ചറിയൽ കാർഡാണ് ഫാറം '3 ബി' പ്രകാരമുള്ളത് എന്നതിനാൽ അതിന്റെ തലക്കെട്ടിൽ ചേർത്തിട്ടുള്ള "(തിരിച്ചുവന്ന പ്രവാസി കേരളീയൻ-വിദേശം)" എന്നത് ഒഴിവാക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

79. കല്പിതാംഗങ്ങൾക്ക് മാത്രമായുള്ള തിരിച്ചറിയൽ കാർഡായതിനാൽ ഫാറം'3 'ബി'–യിൽ ചേർത്തിട്ടുള്ള "കുറിപ്പ്" എന്ന ഭാഗം ഒഴിവാക്കണമെന്നും, ടി ഫോറത്തിലെ ക്രമനമ്പർ 6(1)-ലെ 'താമസിച്ചിരുന്ന/ജോലി ചെയ്തിരുന്ന രാജ്യം, സംസ്ഥാനം' എന്നതിലെ 'രാജ്യം' എന്നത് ഒഴിവാക്കണമെന്നും അതോടൊപ്പം ഫോറം '3 എ'-യിൽ ഉൾപ്പെടുത്തിയിട്ടുള്ളതുപോലെ തിരിച്ചറിയൽ കാർഡിന്റെ താഴെയായി "പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ് ഓഫീസ്............ഫോൺ നമ്പർ...........ഇ-മെയിൽ വിലാസം" എന്നത് ഫോറം '3ബി'–യിലും ഉൾപ്പെടുത്തണ മെന്നും സമിതി ശുപാർശ ചെയ്യുന്നു.

80. ഫോറം '5-ൽ' ക്രമനമ്പർ 5(1) ആയി ചേർത്തിട്ടുള്ള 'അംഗത്വപദവി' എന്നത് ക്രമനമ്പർ '5' ആയും തുടർന്ന് ഉപനമ്പരുകളായി 5(1) മുതൽ 5(4) വരെയുള്ളവ ചേർക്കണമെന്നും, ക്രമനമ്പർ 5(5) ആയി ചേർത്തിട്ടുള്ളത് ക്രമനമ്പർ '6' ആയി ചേർക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

81. ഫോറം നമ്പർ 6-ലെ ക്രമനമ്പർ 8-ൽ ചേർത്തിട്ടുള്ള "മരണമടഞ്ഞു എന്ന് കാണിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം" എന്നതിന് പകരം "മരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം" എന്ന് ചേർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

82. പദ്ധതിയിലെ 28-ാം ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ചികിത്സാ സഹായത്തിന് ഫോറം നമ്പർ 10-ലാണ് അപേക്ഷിക്കേണ്ടത്. ചികിത്സ പൂർത്തിയാകു ന്നതിന് മുമ്പോ, ധനസഹായത്തിന് അപേക്ഷിക്കുന്നതിന് മുമ്പോ അംഗം മരണമടയുന്ന പക്ഷം ആശ്രിതരിൽ ഒരാൾക്ക് അംഗത്തിനർഹതപ്പെട്ട ധനസഹായം അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനെ സമിതി സ്വാഗതം ചെയ്യുന്നു. ചികിത്സാ ധനസഹായത്തിന് അപേക്ഷിക്കേണ്ട ഫോറം നമ്പർ 10-ൽ അംഗം മരണമടഞ്ഞ തീയതിയും മരണകാരണവും ക്രമനമ്പർ 5(2)-ലും, ചികിത്സ സംബന്ധിച്ച വിവരങ്ങൾ അതിനുശേഷം ക്രമനമ്പർ 6 മുതൽ 10 വരെയുമാണ് ചേർത്തിട്ടുള്ളത്. ചികിത്സ സംബന്ധിച്ച വിവരങ്ങൾക്കുശേഷം 'മരണമടഞ്ഞ തീയതിയും മരണകാരണവും' ചേർക്കുന്നതാവും ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ ഫോറം 10-ൽ അപ്രകാരമുള്ള മാറ്റം വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

83. ഖണ്ഡിക 31 പ്രകാരമുള്ള പ്രസവാനുകൂല്യത്തിന് ഫോറം നമ്പർ 12-ലാണ് അപേക്ഷിക്കേണ്ടത്. പ്രസവാനുകൂല്യത്തിന് വനിതാ അംഗങ്ങൾക്ക് മാത്ര മാണ് അർഹതയുള്ളത് എന്നതിനാൽ ഫോറം നമ്പർ 12-ലെ സത്യപ്രസ്താവനയ്ക്ക് ശേഷം ചേർത്തിരിക്കുന്ന 'അപേക്ഷകന്റെ/യുടെ പേരും, ഒപ്പും' എന്നത് 'അപേക്ഷകയുടെ പേരും, ഒപ്പും' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

84. ഫോറം നമ്പർ 13, 14 എന്നിവയിൽ 'ഓഫീസ് ഉപയോഗത്തിന്' എന്നുള്ള ഭാഗത്ത് ക്രമനമ്പർ 6-നുശേഷം " അപേക്ഷ അനുവദിച്ചു.............നിരസിച്ചു" എന്നുള്ളത് ക്രമനമ്പർ '4' ആയി അക്കമിട്ടിട്ടുള്ളത് ക്രമനമ്പർ '7'എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

എസ്. ആർ. ഒ. നമ്പർ 527/2011,തീയതി 23-8-2011.
[ജി.ഒ. (എംഎസ്.) നമ്പർ 04/2011/നോർക്ക, തീയതി 5-8-2011]

85. സർക്കാർ ഉത്തരവ് നമ്പർ 9/2009/നോർക്ക, തീയതി 30-11-2009 പ്രകാരമുള്ളതും 1-2-2009-ലെ അസാധാരണ ഗസറ്റ് നമ്പർ 2241 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തിക്കൊണ്ടുളളതാണ് എസ്.ആർ.ഒ. നമ്പർ 527/2011. ധനകാര്യ വകുപ്പ് സെക്രട്ടറിയെ 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ 9(1) വകുപ്പ് പ്രകാരം രൂപീകരിച്ച ബോർഡിൽ ഡയറക്ടറായി നിയമിച്ചിരുന്നുവെന്നും എന്നാൽ വകുപ്പ് സെക്രട്ടറിയെ വെൽഫെയർ ബോർഡ് ഡയറക്ടറാക്കാൻ അസൗകര്യമാണെന്ന് ധനകാര്യവകുപ്പ് അറിയിച്ചതിൻ പ്രകാരം ധനകാര്യ (Expenditure) വകുപ്പ് അഡീഷണൽ സെക്രട്ടറിയെ പകരം ഡയറക്ടറായി നിയമിക്കുന്നതിനായാണ് 527/2011-ാം നമ്പർ എസ്.ആർ.ഒ. പുറപ്പെടുവിച്ചിട്ടുളളതെന്നും വിശദീകരണക്കുറിപ്പിൽ പറഞ്ഞിട്ടുണ്ട്.

86. 'കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡിൽ' ഭേദഗതി വരുത്തുന്നതിനാണ് എസ്. ആർ. ഒ. പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വിജ്ഞാപനത്തിലോ, വിശദീകരണക്കുറിപ്പിലോ പറഞ്ഞിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി വിശദീകരണക്കുറിപ്പിൽ ബോർഡിന്റെ പേര് പൂർണ്ണ രൂപത്തിൽ ചേർക്കാതെ 'വെൽഫെയർ ബോർഡ്' എന്ന് മാത്രം ചേർത്തതു സംബന്ധിച്ച് നോർക്ക വകുപ്പ് സെക്രട്ടറി, നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എന്നിവരോട് വിശദീകരണം ആരായുകയുണ്ടായി. ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിൽ [vide G.O.(Ms) No.9/2009/ നോർക്ക, തീയതി 30-11-2009] ബോർഡിന്റെ പേര് പൂർണ്ണരൂപത്തിൽ ചേർത്തിട്ടുണ്ടെന്ന് നോർക്ക വകുപ്പ് സെക്രട്ടറിയും, ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് വിജ്ഞാപനത്തിൽ പറഞ്ഞിട്ടുണ്ടെന്നും, 'In the said notification' എന്നു പറഞ്ഞാണ് വിജ്ഞാപനം തുടങ്ങുന്നതെന്നും നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും നല്കിയ വിശദീകരണത്തോട് സമിതിക്ക് യോജിക്കാൻ കഴിയില്ല. "SROs should be self contained, self explanatory and unambiguous" എന്ന് സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി അതിന്റെ നിരവധി റിപ്പോർട്ടുകളിലൂടെ ആവർത്തിച്ച് ശുപാർശ ചെയ്തിട്ടും എസ്.ആർ.ഒ. പുറപ്പെടുവിക്കുന്ന കാര്യത്തിൽ സർക്കാർ വകുപ്പുകൾ സമിതിയുടെ പ്രസ്തുത ശുപാർശ മുഖവിലയ്ക്കെടുക്കാറില്ലെന്ന് സമിതി വിലയിരുത്തുന്നു. വെൽഫെയർ ബോർഡുകൾ നിരവധിയുള്ളതിനാൽ ബോർഡിന്റെ പേര് വിജ്ഞാപനത്തിലായാലും, വിശദീകരണക്കുറിപ്പിലായാലും പൂർണ്ണരൂപത്തിൽതന്നെ ചേർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

87. ആക്ടിലെ 9(5) വകുപ്പ് പ്രകാരം സർക്കാർ, ബോർഡിലെ ചെയർമാന്റെയും, ഡയറക്ടർമാരുടെയും പേരുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ടെങ്കിലും എസ്. ആർ. ഒ. നമ്പർ 527/2011-ൽ ഡയറക്ടറുടെ പേര് ഉൾപ്പെടുത്താത്തതു സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആരാഞ്ഞിരുന്നു. ഉദ്യോഗസ്ഥർ എപ്പോൾ വേണമെങ്കിലും മാറാമെന്നതിനാൽ അവരുടെ പേര് ചേർക്കുന്നത് പ്രായോഗികമല്ലെന്ന് നോർക്ക വകുപ്പ് സെക്രട്ടറിയും, സർക്കാർ ഉദ്യോഗസ്ഥരെ എക്സ് ഒഫിഷ്യോ ഡയറക്ടർ ആയാണ് നിയമിക്കുന്നതെന്നും ആയതിനാൽ പേര് ചേർക്കേണ്ടതില്ലെന്ന് നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും സമിതി

മുമ്പാകെ വിശദീകരണം നൽകുകയുണ്ടായി. ചെയർമാന്റെയും, ഡയറക്ടർമാരുടെയും പേരുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ടെന്ന് 9(5) വകുപ്പിൽ പറഞ്ഞിട്ടുള്ളതിനാലും, എക്സ് ഒഫിഷ്യോ ഡയറക്ടർമാർ മാറുമ്പോൾ വിജ്ഞാപനം ഇറക്കേണ്ടതുള്ളതിനാലും ഡയറക്ടറുടെ പേര് കൂടി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

88. ആക്ടിലെ 9(1) വകുപ്പ് പ്രകാരം 'കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ്' രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം (1-12-2009-ലെ അസാധാരണ ഗസറ്റ് നമ്പർ 2241) എസ്. ആർ. ഒ. ആയിട്ടല്ല പുറപ്പെടുവിച്ചിട്ടുള്ളതെന്നും, എന്നാൽ പ്രസ്തുത വിജ്ഞാപനത്തിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം എസ്. ആർ. ഒ. ആയിട്ടാണ് (S.R.O. No. 527/2011) പുറപ്പെടുവിച്ചിട്ടുള്ളതെന്നും സമിതി കണ്ടെത്തി. ആക്ട് പ്രകാരമുള്ള വിജ്ഞാപനങ്ങൾ സാധാരണയായി എസ്. ആർ. ഒ. ആയിട്ടാണ് പ്രസിദ്ധീകരിക്കാറുള്ളതെന്നിരിക്കെ ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം എസ്. ആർ. ഒ. ആയി പ്രസിദ്ധീകരിക്കാത്തതു സംബന്ധിച്ച് സമിതി നോർക്ക വകുപ്പ് സെക്രട്ടറിയോടും, നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയോടും വിശദീകരണം ആരായുകയുണ്ടായി. ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം നിയമസഭ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നും, എന്നിരുന്നാലും പ്രസ്തുത വിജ്ഞാപനം എസ്.ആർ.ഒ. ആയി പുറപ്പെടുവിക്കേണ്ടതായിരുന്നുവെന്നും നോർക്ക വകുപ്പ് സെക്രട്ടറി സമിതിക്ക് വിശദീകരണം നല്കി.

89. എസ്. ആർ. ഒ. നമ്പർ ഇടുന്നത് ഗവൺമെന്റ് പ്രസ്സിലാണെന്നും, എസ്. ആർ. ഒ. നമ്പർ ഇടണമെന്ന് നിർദ്ദേശിച്ചാൽ മാത്രമേ എസ്.ആർ.ഒ. നമ്പർ ഇടാറുള്ളൂ എന്നും, എസ്. ആർ. ഒ. നമ്പർ ഇല്ലാതെ വിജ്ഞാപനം ചെയ്യുന്നതുകൊണ്ട് നിയമ പ്രശ്നമൊന്നും ഉണ്ടാകില്ലെന്നും, എസ്. ആർ. ഒ. നമ്പർ ഇടുന്നത് സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിക്ക് സൂക്ഷ്മ പരിശോധന നടത്തുന്നതിനും നിയമസഭയിൽ സമർപ്പിക്കുന്നതിനും നിയമ വകുപ്പിന് ബൈൻഡ് ചെയ്ത് സൂക്ഷിക്കുന്നതിനും മാത്രമാണെന്നുമാണ് നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി നല്കിയ വിശദീകരണം. നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പ്രസ്തുത വിശദീകരണത്തോട് സമിതി വിയോജിക്കുന്നു. ആക്ട് പ്രകാരമുള്ള വിജ്ഞാപനങ്ങൾ എസ്.ആർ.ഒ. ആയിത്തന്നെ പ്രസിദ്ധീകരിക്കേണ്ടതാണെന്നും അപ്രകാരം തന്നെ ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

90. ആക്ടിലെ 9(5) വകുപ്പ് പ്രകാരം ബോർഡിലെ ചെയർമാന്റെയും, ഡയറക്ടർമാരുടെയും പേരുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ടെങ്കിലും ആക്ടിലെ 9(3)(iii) വകുപ്പ് പ്രകാരം ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാരിനെ പ്രതിനിധീകരിക്കുന്ന നാല് ഡയറക്ടർമാരുടെയും ഉദ്യോഗപ്പേര് മാത്രമാണ് 30-11-2009-ലെ ജി.ഒ.(എംഎസ്.) നമ്പർ 9/2009/നോർക്ക പ്രകാരമുള്ളതും 1-12-2009-ലെ അസാധാരണ ഗസറ്റ് നമ്പർ 2241 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തിൽ ചേർത്തിട്ടുള്ളത് എന്ന് സമിതി നിരീക്ഷിക്കുകയുണ്ടായി. ചെയർമാന്റെയും, ഡയറക്ടർമാരുടെയും പേരുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്ന് ആക്ടിലെ 9(5) വകുപ്പിൽ പറഞ്ഞിട്ടുള്ളതിനാൽ 9(3)(iii) വകുപ്പ് പ്രകാരം ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡയറക്ടർമാരുടെ പേരുകൂടി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

91. 1-12-2009-ലെ 2241-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിന്റെ പട്ടികയിലെ ക്രമനമ്പർ 6-ലെ 'Norka roots' എന്നത് 'NORKA ROOTS' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

92. മേൽപ്പറഞ്ഞ ഗസറ്റ് വിജ്ഞാപനത്തിന്റെ (1-12-2009-ലെ 2241-ാം നമ്പർ) അവസാന ഭാഗത്ത് ".................under Section 9(4) of the act.........." എന്നതിൽ ചേർത്തിട്ടുള്ള 'act' എന്നത് 'Act'എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

93. 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ട്, ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 195/09), ആക്ടിൻ കീഴിലുള്ള പദ്ധതി (എസ്. ആർ.ഒ. നമ്പർ 194/09) എന്നിവ മലയാളത്തിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളതെങ്കിലും ആക്ടിൻ കീഴിൽ ബോർഡ് രൂപീകരിച്ചുകൊണ്ടും ബോർഡിൽ ഭേദഗതി വരുത്തിക്കൊണ്ടുമുള്ള വിജ്ഞാപനങ്ങൾ ഇംഗ്ലീഷിലാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. മൂല ആക്ട് മലയാളത്തിലായതിനാൽ ആക്ടിൻ കീഴിലുള്ള എല്ലാ വിജ്ഞാപനങ്ങളും മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

എസ്. ആർ. ഒ. നമ്പർ 34/2012, തീയതി 18-1-2012
[ജി.ഒ.(എംഎസ്.) നമ്പർ 01/2012/നോർക്ക, തീയതി 17-1-2012]

94. ആക്ടിലെ 9(1), 9(4) എന്നീ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് അഡ്വ. പി. എം. എ. സലാമിനെ കേരള പ്രവാസി കേരളീയരുടെ ക്ഷേമബോർഡിന്റെ ഡയറക്ടറും ചെയർമാനുമായി അടിയന്തര പ്രാബല്യത്തോടെ നിയമിച്ചിരിക്കുന്നുവെന്ന് വിജ്ഞാപനത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഏത് എസ്. ആർ. ഒ. പ്രകാരമുള്ള വിജ്ഞാപനത്തിലാണ് ഭേദഗതി വരുത്തിയിട്ടുള്ളതെന്ന് മേല്പറഞ്ഞ വിജ്ഞാപനത്തിൽ പറഞ്ഞിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുകയുണ്ടായി. സാധാരണ ഗതിയിൽ മുൻ എസ്. ആർ. ഒ. യെ സംബന്ധിച്ച പരാമർശം വിജ്ഞാപനത്തിലോ, വിശദീകരണക്കുറിപ്പിലോ വേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ മുൻ എസ്. ആർ. ഒ. നമ്പർ കൂടി ഉൾപ്പെടുത്തി മേൽപ്പറഞ്ഞ വിജ്ഞാപനം ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

95. വിശദീകരണക്കുറിപ്പ് വിജ്ഞാപനത്തിന്റെ ഭാഗമല്ലെങ്കിൽ കൂടി എല്ലാ എസ്. ആർ. ഒ. കളിലും വിശദീകരണക്കുറിപ്പ് ചേർക്കാറുണ്ട്. മാത്രവുമല്ല സെക്രട്ടേറിയറ്റ് ഓഫീസ് മാനുവൽ പ്രകാരം വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കേണ്ടത് നിശ്ചിത മാതൃകയിലാണ്. ഈ ആക്ട് പ്രകാരമുള്ള വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് നിശ്ചിത മാതൃകയിലോ, വേണ്ടത്ര ശ്രദ്ധയോടെയോ അല്ലായെന്നുള്ളത് ഈ ആക്ടിൻ കീഴിൽ ഇതിനോടകം പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളിൽ നിന്നും വ്യക്തവുമാണ്. മേൽപ്പറഞ്ഞ വിജ്ഞാപനത്തിൽ വിശദീകരണക്കുറിപ്പ് ചേർത്തിട്ടില്ലാത്തതിനാൽ വിശദീകരണക്കുറിപ്പ് കൂടി ഉൾപ്പെടുത്തി വിജ്ഞാപനം ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

96. മേൽപ്പറഞ്ഞ വിജ്ഞാപനപ്രകാരമുള്ള ഡയറക്ടറുടെയും ചെയർമാന്റെയും ഒഴിവ് എന്നാണ് നിലവിൽ വന്നതെന്ന് വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ അത് കൂടി ഉൾപ്പെടുത്തി വിജ്ഞാപനം ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

97. വിജ്ഞാപനത്തിലെ 'Non-Resident Keralites Affairs (A) Department' എന്നതിലെ 'Keralites' എന്ന വാക്കിന് ശേഷം അപ്പോസ്ട്രഫി ചിഹ്നം ചേർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ വിജ്ഞാപനത്തിലെ 'the Non-Resident Keralites Welfare Act' എന്നത് 'the Non-Resident Keralites' Welfare Act' എന്നും 'Kerala Non-Resident Keralites Welfare Board' എന്നത് 'Kerala Non-Resident Keralites' Welfare Board' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

98. **എസ്.ആർ.ഒ. നമ്പർ 193/2009, തീയതി 27-2-2009 [ജി.ഒ.(പി) നമ്പർ 01/2009/നോർക്ക, തീയതി 22-2-2009] പരിശോധിച്ചതിൽ മറ്റ് പരാമർശങ്ങൾ ഒന്നും ഇല്ല.**

99. പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുള്ള 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി ഉദ്ദേശിച്ച രീതിയിൽത്തന്നെ ഫലപ്രാപ്തിയിലെത്തുമെന്നും അതിനായി കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് കാര്യക്ഷമമായി പ്രവർത്തിക്കുമെന്നും അതിനുവേണ്ട നിർദ്ദേശങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നും സമിതി പ്രത്യാശിക്കുന്നു.

തിരുവനന്തപുരം,
2012, ഡിസംബർ 20.

**എം. ഉമ്മർ,**
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*